2026
MARCH
02
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
Home Delivery
9847 12 9061, 90455 97621

# വയനാട് മാതൃക ടൗൺഷിപ്പിന്റെ ആദ്യഘട്ടം പൂർത്തിയായി; 178 വീടുകൾ കൈമാറി




**കൽപ്പറ്റ:** മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിന് പുതുതാളം നൽകി വയനാട് മാതൃക ടൗൺഷിപ്പ് ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ദുരന്തത്തിൽ വീടുകൾ പൂർണമായും തകർന്ന 178 പേർക്കാണ് കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന ടൗൺഷിപ്പ് പദ്ധതിയിലെ ആദ്യഘട്ടത്തിൽ വീടുകൾ കൈമാറിയത്. വീട് നിൽക്കുന്ന ഏഴുസെന്റ് ഭൂമിക്കുള്ള പട്ടയവും ദുരന്തത്തിൽ ഒറ്റപ്പെട്ടു പോയ 13 പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മേപ്പാടി പുതിയവില്ലേജിൽ ഏറ്റെടുത്ത 5 ഏക്കർ ഭൂമിക്കുള്ള പട്ടയവും മുഖ്യമന്ത്രി വിതരണം ചെയ്തു. ദുരന്തബാധിതരായ ആളുകളെ കൂടുതൽ മെച്ചപ്പെട്ട ആവാസ വ്യവസ്ഥയിലേക്ക് എത്തിക്കുകയാണ് ടൗൺഷിപ്പ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. വീടുകളോടൊപ്പം പൊതുസൗകര്യങ്ങളായ കമ്മ്യൂണിറ്റി ഹാൾ, ഡിസാസ്റ്റർ ഷെൽറ്റർ, ഫുട്ബോൾ ഗ്രൗണ്ട്, ഡിസാസ്റ്റർ മെമ്മോറിയൽ, കടമുറികൾ, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, തടയണയും ജലാശയവും, പത്ത് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഭൂഗർഭ വൈദ്യുത വിതരണ ശൃംഖല, വെള്ളം ഒഴുക്കുന്നതിന് ഡ്രെയിനേജ് സംവിധാനം, 9.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക്, ഒരോ വീട്ടിലും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി 2 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റ് എന്നിവയും ഒരുക്കിയിട്ടുണ്ട്. ടൗൺഷിപ്പിൽ നിർമിച്ച എല്ലാ വീടിനും അവശ്യം വേണ്ട ഫർണിച്ചർ നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

അഞ്ച് സോണുകളായി വിഭാവനം ചെയ്തിരിക്കുന്ന ടൗൺഷിപ്പിൽ എട്ട് മുതൽ ഇരുപത് വരെ വീടുകൾ ഉൾക്കൊള്ളുന്ന 35 ക്ലസ്റ്ററുകളായിട്ടാണ് വീടുകൾ നിർമ്മിച്ചിരിക്കുന്നത്. ഓരോ ക്ലസ്റ്ററിലും വിശാലമായ ഗ്രീൻ സ്പേസ് നടുമുറ്റവും അതിനു ചുറ്റും അഞ്ചര മീറ്റർ വീതിയുള്ള റോഡുമുണ്ട്. പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുന്ന രീതിയിലാണ് വീടുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ പണിതിട്ടുള്ളത്. ഓരോ വീടും തൊണ്ണൂറ് സെന്റീമീറ്റർ വീതിയുള്ള ഒമ്പത് കോൺക്രീറ്റ് ഭിത്തികളാലാണ് നിർമ്മിച്ചത്. അതോടൊപ്പം തറനിരപ്പിലും, റൂഫ് ലെവലിലും, മേൽക്കൂര ലെവലിലും ഒന്നര അടി ഉയരത്തിൽ ബീമുകളും, പ്ലിന്ത് ബീമും റൂഫ് ബീമും സജ്ജീകരിക്കുന്നു. കൂടുതൽ നിലകൾ നിർമ്മിക്കാൻ ഉതകുന്ന രീതിയിലാണ് വീടുകളുടെ നിർമാണം. വിപണിയിൽ ലഭ്യമായ ഏറ്റവും മികച്ച നിർമ്മാണ സാമഗ്രികളാണ് നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.

നിർമ്മാണ സാമഗ്രികൾ ലാബിൽ പരിശോധിച്ച് ഗുണമേൻമ ഉറപ്പുവരുത്തിയ ശേഷമാണ് ഉപയോഗിച്ചത്. അമ്പത്തെട്ടു തരം പരിശോധനകൾ പൂർത്തിയാക്കിയാണ് ഓരോ വീടിന്റെയും നിർമ്മാണം പൂർത്തിയാക്കിയതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. കൽപ്പറ്റ എൽ.പി സ്കൂൾ ടൗൺഷിപ്പിലേക്ക് മാറ്റുന്ന കാര്യം സർക്കാർ പരിഗണനയിലാണെന്ന് മുഖ്യമന്ത്രി അറിയിച്ചു. കെ എസ് എഫ് ഇയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കൽപ്പറ്റ ജനറൽ ആശുപത്രിയുടെ അനക്സ് കോംപ്ലക്സിന്റെ നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ചടങ്ങിൽ മുഖ്യമന്ത്രി നിർവഹിച്ചു. ടൗൺഷിപ്പിൽ വീടുനിർമ്മാണ പ്രവൃത്തി ഒരു ദിവസം പോലും നിർത്തിവെക്കില്ലെന്ന് റവന്യു മന്ത്രി കെ രാജൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. നിർമാണ പ്രവൃത്തി അഭംഗുരം മുന്നോട്ടു പോകും. ദുരന്തബാധിതർ ടൗൺഷിപ്പിലെ വീട്ടിലേക്ക് താമസം മാറുന്നത് വരെ അവർക്ക് വീട് വാടകയിനത്തിൽ 6000 രൂപയും ഉപജീവനത്തിനായി ഒരു കുടുംബത്തിന് പരമാവധി 18000 രൂപയും ഭക്ഷണ കൂപ്പൺ ഇനത്തിൽ 1000 രൂപയും പ്രതിമാസം നൽകുന്നത് തുടരും.

ദുരന്ത ബാധിതരുടെ പുനരധിവാസം സാധ്യമാക്കിയത് കേരളം ഒറ്റകെട്ടായയാണെന്നും ഏതെങ്കിലും പ്രത്യേക വിഭാഗം മാത്രമല്ലെന്നും മന്ത്രി പറഞ്ഞു. മന്ത്രിമാരായ എ കെ ശശീന്ദ്രൻ, പി.എ മുഹമ്മദ് റിയാസ്, എംഎൽഎമാരായ ടി സിദ്ദിഖ്, ടി പി രാമകൃഷ്ണൻ, അഹമ്മദ് ദേവർകോവിൽ, ചീഫ് സെക്രട്ടറി ഡോ.എ ജയതിലക്, റവന്യൂ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി എം ജി രാജമാണിക്യം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ, ജില്ലാ കളക്ടർ ഡി ആർ മേഘശ്രീ, ടൗൺഷിപ്പ് പ്രോജക്ട് സ്പെഷ്യൽ ഓഫീസർ എസ് സുഹാസ്, ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ. ജെ ഒ അരുൺ, കൽപ്പറ്റ നഗരസഭ ചെയർപേഴ്സൺ പി വിശ്വനാഥൻ, കെഎസ്എഫ്ഇ ചെയർമാൻ കെ. വരദരാജൻ, ജനപ്രതിനിധികൾ, ഗുണഭോക്താക്കൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർ പങ്കെടുത്തു.

## ഇസ്രയേൽ–ഇറാൻ സംഘർഷം: നോർക്ക ഹെൽപ്ഡെസ്ക് പ്രവർത്തനം തുടരും




**തിരുവനന്തപുരം:** ഇസ്രയേൽ-ഇറാൻ സംഘർഷത്തെ തുടർന്ന് പ്രവാസി കേരളീയർക്കായും കുടുംബാംഗങ്ങൾക്കുമായി സജ്ജീകരിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക നോർക്ക ഹെൽപ് ഡെസ്ക് നമ്പറുകളിൽ ഇന്നലെ രാവിലെ 11.30 മണി വരെ ആകെ 381 കോളുകളാണ് ലഭിച്ചതെന്ന് നോർക്ക വകുപ്പ് സെക്രട്ടറി ടി.വി അനുപമ അറിയിച്ചു. തൈക്കാട് നോർക്ക സെന്ററിൽ ചേർന്ന അവലോകനയോഗത്തിനു ശേഷം അറിയിച്ചതാണിത്. സംഘർഷം തുടരുന്ന പശ്ചാത്തലത്തിൽ നോർക്ക ഹെൽപ് ഡെസ്ക് പ്രവർത്തനം തുടരും. വിദേശത്തുനിന്നും 137 പേരും രാജ്യത്തിനുള്ളിൽ നിന്നും 244 പേരും ഹെൽപ് ഡെസ്കിൽ ബന്ധപ്പെട്ടു. വിമാന സർവീസുകളുടെ നിലവിലെ സ്ഥിതി, റദ്ദാക്കലുകൾ, യാത്രാ നിർദ്ദേശങ്ങൾ, സുരക്ഷാ നിർദേശങ്ങൾ എന്നിവ സംബന്ധിച്ചായിരുന്നു കൂടുതൽ അന്വേഷണങ്ങളും. ഗൾഫ് മേഖലയിൽ നിന്നുമുള്ള ഒഴിപ്പിക്കൽ സാധ്യതകളും യാത്രാ സുരക്ഷയും സംബന്ധിച്ചും അന്വേഷണങ്ങൾ ഉണ്ടായതായി നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരിയും അറിയിച്ചു. നോർക്ക ഹെൽപ്പ് ഡസ്കിൽ ബന്ധപ്പെട്ട പ്രവാസി കേരളീയർ സുരക്ഷിതരാണ്. എന്നാൽ മേഖലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥയും തുടർച്ചയായ ആക്രമണങ്ങൾ ആശങ്ക വർധിപ്പിക്കുന്നതായും പ്രവാസികൾ സൂചിപ്പിച്ചു.

കേന്ദ്ര സംസ്ഥാന സർക്കാർ തലങ്ങളിൽ ലഭ്യമാകുന്ന സ്ഥിരീകരിച്ച വിവരങ്ങൾ പ്രവാസികേരളീയർക്ക് കൈമാറുകയും അടിയന്തര സാഹചര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതാണ് ഹെൽപ്ഡെസ്കിന്റെ പ്രധാന ലക്ഷ്യം. ലഭിച്ച കോളുകളും ഔദ്യോഗികമായി രജിസ്റ്റർ ചെയ്ത് തുടർനടപടികൾക്കായി രേഖപ്പെടുത്തിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ സഹായത്തിനും ഏകോപനത്തിനുമായി സംസ്ഥാന സർക്കാർ സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ, വിദേശകാര്യ മന്ത്രാലയം, അതാതു രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ, ലോക കേരള സഭാംഗങ്ങൾ, പ്രവാസി സംഘടനകൾ എന്നിവരുമായി ഏകോപനം തുടരുന്നു. സംഘർഷം തുടരുന്ന രാജ്യങ്ങളിലുള്ള പ്രവാസികൾ ഔദ്യോഗിക സ്രോതസുകളിൽ നിന്നുള്ള വിവരങ്ങൾ പിന്തുടരണം. അടിയന്തര സഹായത്തിനായി നോർക റൂട്ട്സ് ഹെൽപ്ഡെസ്കുമായി +918802012345 (അന്താരാഷ്ട്ര മിസ്ഡ് കോൾ), 18004253939 (ടോൾ ഫ്രീ നമ്പർ, ഇന്ത്യയിൽ നിന്നും) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്നും നോർക്ക അധികൃതർ അറിയിച്ചു.

## വൈദ്യുതി ബില്ലിൽ ഇളവ്; ഇന്ധന സർചാർജ് തിരികെ നൽകുന്നു

**തിരുവനന്തപുരം:** സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് വലിയ ആശ്വാസം പകരുന്ന തീരുമാനവുമായി കെഎസ്ഇബി. ചരിത്രത്തിലാദ്യമായി ഇന്ധന സർചാർജ് തുക ഉപഭോക്താക്കൾക്ക് തിരികെ നൽകാൻ തീരുമാനിച്ചു. ഇന്ധന സർചാർജ് ഇനത്തിൽ അധിക തുക ഈടാക്കുന്നതിന് പകരം, മാർച്ചിലെ ബില്ലിൽ ഇളവ് നൽകിക്കൊണ്ടാണ് ഈ തുക ലഭ്യമാക്കുക. കഴിഞ്ഞ കുറച്ചു മാസങ്ങളായി സർചാർജ് തുകയിൽ ഘട്ടംഘട്ടമായി കുറവ് വരുത്തിയതിന് പിന്നാലെയാണ് ഈ പുതിയ നടപടി. പുതിയ തീരുമാനപ്രകാരം, മാർച്ചിൽ ലഭിക്കുന്ന വൈദ്യുതി ബില്ലുകളിൽ ഇളവ് രേഖപ്പെടുത്തുമെന്ന് വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി അറിയിച്ചു. പ്രതിമാസ ബില്ല് ലഭിക്കുന്ന ഉപഭോക്താക്കൾക്ക് യൂണിറ്റിന് 2 പൈസ വീതവും, രണ്ടു മാസത്തിലൊരിക്കൽ ബില്ല് ലഭിക്കുന്നവർക്ക് യൂണിറ്റിന് 1 പൈസ വീതവും ബില്ലിൽ കുറവ് ലഭിക്കും.

കഴിഞ്ഞ മാസങ്ങളിലും സർചാർജ് നിരക്കുകളിൽ കെഎസ്ഇബി കുറവ് വരുത്തിയിരുന്നു. ഫെബ്രുവരി മാസത്തിൽ പ്രതിമാസ ബില്ലിംഗുകാർക്ക് സർചാർജ് പൂർണ്ണമായും ഒഴിവാക്കിയിരുന്നു. കൂടാതെ ദ്വൈമാസ ബില്ലിംഗുകാർക്ക് സർചാർജ് നിരക്ക് വെറും 4 പൈസയായി കുറയ്ക്കുകയും ചെയ്തു. ജനുവരിയിൽ ഇത് യഥാക്രമം 8 പൈസയും 7 പൈസയുമായിരുന്നു. വൈദ്യുതി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലുകളിലൂടെയും കൃത്യമായ ആസൂത്രണത്തിലൂടെയും ഉപഭോക്താക്കൾക്ക് ഇത്തരമൊരു ആനുകൂല്യം ചരിത്രത്തിൽ ആദ്യമായി നൽകാൻ സാധിക്കുന്നത് അഭിമാനകരമായ നേട്ടമാണ്. തുടർച്ചയായ മാസങ്ങളിൽ ഇന്ധന സർചാർജ് കുറഞ്ഞതോടെ സംസ്ഥാനത്തെ വൈദ്യുതി ബില്ലുകളിൽ ഗണ്യമായ കുറവുണ്ടാകുമെന്നും മന്ത്രി കെ. കൃഷ്ണൻകുട്ടി അറിയിച്ചു.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **മാമംഗലം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ബിൽഡിംഗ്:** മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പബ്ലിക് റിലേഷൻ സെന്റർ കൂദാശ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉച്ചകഴിഞ്ഞ് 2.30 ന്

- **എറണാകുളം ബാർ അസോസിയേഷൻ ഹാൾ:** അവയവദാന പ്രസക്തിയെക്കുറച്ച് പ്രഭാഷണം ഉച്ചകഴിഞ്ഞ് 02 ന്

## ചോറ്റാനിക്കര

- **ചോറ്റാനിക്കര ദേവീക്ഷേത്രം:** മകം തൊഴൽ മഹോൽസവം പുലർച്ചെ 05.30 മുതൽ

# യാക്കോബായ – ഓർത്തഡോക്സ് സഭാ തർക്കം പരിഹരിക്കപ്പെടും : സാബു എം. ജേക്കബ്



**കിഴക്കമ്പലം :** പ്രധാന മന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ യാക്കോബായ ഓർത്തഡോക്സ് സഭാ തർക്കം പരിഹരിക്കുന്നതിന് വഴികൾ തുറക്കുന്നുവെന്ന് ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ് പറഞ്ഞു. പ്രധാന മന്ത്രിയുടെ ഓഫീസിൽ ആഗോള സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ അന്ത്യോഖ്യാ പത്രിയർക്കീസ് ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവയുമായി പ്രധാന മന്ത്രി ഒരുമണിക്കൂറോളം കൂടികാഴ്ച്ച നടത്തി. രാജ്യത്തെ ജനസംഖ്യയിൽ കേവലം രണ്ടര ശതമാനമാനത്തിൽ താഴെ മാത്രമാണ് ക്രിസ്റ്റ്യൻ വിശ്വാസികൾ. മൈക്രോ ന്യൂനപക്ഷമായ ക്രിസ്റ്റ്യൻ വിശ്വാസികളിൽ തന്നെ ചെറിയ വിഭാഗമാണ് യാക്കോബായ ഓർത്തഡോക്സ് വിശ്വാസികൾ. പ്രധാനമന്ത്രി തന്റെ രാജ്യത്തെ ഏറ്റവും ചെറിയ വിശ്വാസിസമൂഹത്തിന്റെ ആഭ്യന്തര തർക്കം പരിഹരിക്കാൻ സമയം കണ്ടെത്തിയെന്നത് ആശാവഹമാണെന്ന് സാബു ജേക്കബ് പറഞ്ഞു. രാജ്യത്തെ നിയമവും, ഭരണ ഘടന തന്നിട്ടുള്ള സംരക്ഷണവും സ്വാതന്ത്രവും പൂർണ്ണമായും ഉൾക്കൊണ്ട് തങ്ങളുടെ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിച്ച് ഇരു സഭകളും ഒരുമിച്ച് പോകണമെന്നതാണ് പ്രധാനമന്ത്രിയുടെ ആഗ്രഹം.ഇതിനായി കോടതികൾക്ക് പുറത്ത് സമവായ ചർച്ചകൾ നടത്തി ശാശ്വത പരിഹാരം ഉണ്ടാകണമെന്നും പ്രധാനമന്ത്രി പറഞ്ഞു.1978മുതൽ രണ്ട് സഭകളായി പ്രവർത്തിച്ച് വരുന്ന ഇരു സഭകളുടേയും തർക്കങ്ങൾക്ക് നൂറിൽ പരം വർഷങ്ങളുടെ പഴക്കമുണ്ട്. തർക്കങ്ങൾക്ക് നാളിതുവരെയായിട്ടും കോടതി വ്യവഹാരങ്ങൾക്കൊണ്ട് ശാശ്വത പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ആയിരക്കണക്കിന് കേസുകളും, കോടതി നടപടികളും, പോലീസ് ഇടപെടലുകളും ദൈനംദിനം സാധാരണ വിശ്വാസികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. നൂറിൽപരം വർഷങ്ങൾക്ക് മുമ്പ് അന്നത്തെ സാഹചര്യത്തിൽ രൂപപ്പെട്ട തർക്കങ്ങളുടെ ബാക്കി പത്രങ്ങളാണിത്. വരുന്ന തലമുറയും ഇതിന്റെ ദുരിതം അനുഭവിക്കേണ്ടതായി വരുന്നു.പതിറ്റാണ്ടുകളായുള്ള സഭാ തർക്കത്തിന് പ്രധാനമന്ത്രിയുടെ ഇടപെടലിലൂടെ ശാശ്വത പരിഹാരമുണ്ടാകുമെന്ന് സാബു ജേക്കബ് പറഞ്ഞു.


## വാർഷികം ആഘോഷിച്ച് മിന്ത്ര

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഫാഷൻ, ലൈഫ്സ്റ്റൈൽ പ്ലാറ്റ്ഫോമായ മിന്ത്ര 19ാം വാർഷികാഘോഷത്തിന്റെ ഭാഗമായി മിന്ത്ര ബർത്ത്ഡേ ബ്ലാസ്റ്റ്' (എംബിബി) പ്രഖ്യാപിച്ചു. ഫാഷൻ, ബ്യൂട്ടി, ലൈഫ്സ്റ്റൈൽ മേഖലകളിലായി 20,000ത്തിലധികം ബ്രാൻഡുകളിൽ നിന്നുള്ള ആറു ദശലക്ഷത്തിലധികം സ്റ്റൈലുകൾ ഈ മെഗാ ഷോപ്പിംഗ് ഇവന്റിൽ ലഭ്യമാണെന്ന് അധികൃതർ അറിയിച്ചു. ബ്രാൻഡ് മാനിയ ഡീലുകൾ, മിഡ്നൈറ്റ് സ്റ്റീൽ, 19 മിനിറ്റ് ഡീലുകൾ എന്നിവയ്ക്കൊപ്പം ഉറപ്പുള്ള റിട്ടേൺ ഗിഫ്റ്റുകളും ഉപഭോക്താക്കൾക്ക് ലഭിക്കും. പുതിയ ലോഞ്ചുകളും ജെൻ കേന്ദ്രീകൃത കളക്ഷനുകളും എംനൗ ഹൈപ്പർസ്പീഡ് ഡെലിവറിയും പ്രധാന നഗരങ്ങളിൽ ലഭ്യമാകും.

# ബോട്സ്വാനയിൽ നിന്ന് ചീറ്റപ്പുലികളെത്തി

**ന്യൂഡൽഹി:** മധ്യപ്രദേശിലെ കുനോ ദേശീയോദ്യാനത്തിലേക്ക് ബോട്സ്വാനയിൽ നിന്നും ഒൻപത് ചീറ്റപ്പുലികളെ എത്തിച്ചു. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് നിരീക്ഷണ സങ്കേതങ്ങളിലേക്ക് പുലികളെ തുറന്നുവിട്ടു. വിശാലമായ വനമേഖലയിലേക്ക് വിട്ടയക്കുന്നതിന് മുൻപ് ചീറ്റപ്പുലികൾ പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനും ആരോഗ്യ നിരീക്ഷണത്തിനുമായി വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകും.

ആറ് പെൺപുലികളെയും മൂന്ന് ആൺപുലികളെയുമാണ് എത്തിച്ചിരിക്കുന്നത്.



## ചെല്ലാനം പഞ്ചായത്തിൽ ഉപയോഗയോഗ്യമല്ലാത്ത കുടിവെള്ളം; നടപടിക്ക് ഉത്തരവ്

**കൊച്ചി:** ചെല്ലാനം ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ഉപയോഗയോഗ്യമല്ലെന്ന പരാതി എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ പരിശോധിച്ച് ഉടൻ നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാർ തോമസ്. 12000ലധികം കുടംബങ്ങളെ ബാധിക്കുന്ന വിഷയത്തിൽ മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും നോട്ടീസ് നൽകിയ ശേഷം സ്ഥലപരിശോധന നടത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. കുടിവെള്ളം ഉപയോഗയോഗ്യമല്ലാതായതിന്റെ കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തണം. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ രണ്ടു മാസത്തിനകം വിശദമായ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണം. ശുദ്ധമായ കുടിവെള്ളം നൽകാനാവശ്യമായ താത്കാലികവും സ്ഥിരവുമായ മാർഗങ്ങളുടെ വിശദാംശങ്ങളും റിപ്പോർട്ടിലുണ്ടാവണം. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ടും സമർപ്പിക്കണം. ഉപയോഗപ്രദമായ കുടിവെള്ളം വിതരണം ചെയ്യാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അടിയന്തരനടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രത്യേകം റിപ്പോർട്ട് സമർപ്പിക്കണം. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഏപ്രിലിൽ എറണാകുളം പത്തടിപാലം പി.ഡബൽ ഡി റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ നേരിട്ട് ഹാജരാകണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. തിയതി പിന്നീട് അറിയിക്കും.

# എറണാകുളം മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യൽറ്റി ബ്ലോക്ക് ഉദ്ഘാടനം നാളെ

**കൊച്ചി:** എറണാകുളം മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നാളെ വൈകിട്ട് 5 മണിക്ക് ഉദ്ഘാടനം ചെയ്യുമെന്ന് വ്യവസായ മന്ത്രി പി രാജീവ് അറിയിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിക്കും. മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തിയാക്കിയ ബ്ലോക്ക് സന്ദർശിച്ച ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊതു ജനാരോഗ്യ മേഖലയിൽ മെഡിക്കൽ കോളേജ് എന്നത് സംസ്ഥാന രൂപീകരണം മുതൽ ഈ മേഖലയുടെ സ്വപ്നമായിരുന്നു എന്ന് മന്ത്രി പറഞ്ഞു. സഹകരണ മേഖലയിൽ ആദ്യം ആരംഭിച്ച മെഡിക്കൽ കോളേജ് പിന്നീട് സർക്കാർ ഏറ്റെടുക്കുകയാണ് ചെയ്തത്. 2016 ൽ ചുമതലയേറ്റ സർക്കാരാണ് തസ്തികൾ സൃഷ്ടിച്ച് തുടർനടപടികൾ മുന്നോട്ടു കൊണ്ടുപോയത്. കിഫ്ബിയുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ ഭാഗമായാണ് പുതിയ ബ്ലോക്ക് നിർമ്മിച്ചത്. 286.66 കോടി രൂപ ചെലവഴിച്ചാണ് നിർമ്മാണം പൂർത്തിയാക്കിയത്. 16 ഓപ്പറേഷൻ തീയേറ്ററുകൾ, 842 ബെഡുകൾ, നിയോനാറ്റോളജി, ആധുനിക ലേബർ റൂം, സ്കാനിങ്,



എക്സറേ തുടങ്ങിയവയ്ക്കുള്ള ആധുനിക മെഷീനുകൾ തുടങ്ങി വിപുലമായ സൗകര്യങ്ങളാണ് ആശുപത്രിയിൽ ഒരുക്കുന്നത്. വാഹനാപകടങ്ങൾ കൂടുതലാണെങ്കിലും ന്യൂറോ സർജറിക്കും മറ്റ് അത്യാഹിത ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ വേണ്ടത്ര ലഭ്യമായിരുന്നില്ല. പുതിയ ബ്ലോക്ക് വരുന്നതോടെ ആ കുറവുകൾ പരിഹരിക്കപ്പെടും. 90 തസ്തികകൾ സർക്കാർ മെഡിക്കൽ കോളേജിൽ പുതുതായി സൃഷ്ടിച്ചു. കാർഡിയോ വാസ്കുലാർ ഉൾപ്പെടെയുള്ള തസ്തികകളാണ് സൃഷ്ടിച്ചത്. കോസ്മറ്റോളജി, വൈറോളജി തുടങ്ങിയ വിഭാഗങ്ങൾക്കായും സൗകര്യം ഒരുക്കിയിട്ടുണ്ട്.

ന്യൂറോ സർജറി, ഗൈനക്കോളജി, ഗ്യാസ്ട്രോ എൻട്രോളജി, കാർഡിയോ തൊറാസിക് സർജറി, പീഡിയാട്രിക് സർജറി, യൂറോളജി, നെഫ്രോളജി, ട്രാൻസ്പ്ലാൻഡ് സർവീസസ്, ഡയാലിസിസ് യൂണിറ്റുകൾ, ക്രിട്ടിക്കൽ കെയർ സർവീസുകൾ തുടങ്ങിയ വിഭാഗങ്ങൾ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഉണ്ടാകും. റേഡിയോ ഡയഗ്നോസിസ് ഡിപ്പാർട്ട്മെന്റ്, പതോളജി മൈക്രോബയോളജി ബയോകെമിസ്ട്രി ലാബുകൾ, ഡയാലിസിസ് യൂണിറ്റുകൾ, തുടങ്ങിയവയും ബ്ലോക്കിൽ സജ്ജീകരിച്ചിട്ടുണ്ട്. 18 ലിഫ്റ്റുകൾ, 715 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം, ആർ.ഒ പ്ലാന്റ്, ജല ലഭ്യതയ്ക്കുള്ള സൗകര്യം തുടങ്ങി ആധുനിക സൗകര്യങ്ങളും പുതിയ ബ്ലോക്കിൽ ഒരുക്കിയിട്ടുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# യുവതലമുറയ്ക്കായി പ്രവാസികൾ നിക്ഷേപം നടത്തണം: കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ

**കൊച്ചി:** കേരളത്തിലെ യുവതലമുറ കഴിവും നന്മയും ഉള്ളവരാണെന്നും ഇവരുടെ കഴിവും ഗുണങ്ങളും കേരളം ഉപയോഗിക്കണമെന്നും കേന്ദ്ര മന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. വേൾഡ് മലയാളി കൗൺസിലിന്റെ കേരള കൗൺസിൽ ദ്വൈവാർഷിക സമ്മേളനം എറണാകുളം ബിടിഎച്ചിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



വേൾഡ് മലയാളി കൗൺസിൽ കേരള ഘടകം ദ്വൈവാർഷിക സമ്മേളനം എറണാകുളം ബിടിഎച്ചിൽ കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. വി.കെ വർഗ്ഗീസ്, അഡ്വ. കെ.വി സാബു, ക്രിസ്റ്റഫർ വർഗ്ഗീസ്, പ്രസാദ് കുഴിക്കാല, ജോൺ മത്തായി, ഗോപാലൻ പിള്ള, കെ.വി ഷാജി, ബിഷപ്പ് ഡോ. ഏലിയാസ് മാർ അത്തനാസിയോസ്, എം. ജി ശ്രീജിത്ത്, കെ. നന്ദകുമാർ തുടങ്ങിയവർ സമീപം

കേരളത്തിൽ നിന്നും ചെറുപ്പക്കാർ മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുന്നതിന് മാറ്റം വരുത്താൻ പ്രവാസികൾ മുൻ കൈ എടുക്കണം. 30 വയസിൽ താഴെയുള്ള രണ്ടു കോടിയോളം ചെറുപ്പക്കാർ കേരളത്തിലുണ്ട്. കരുത്തുറ്റ വിദ്യാഭ്യാസവും സാങ്കേതിക വൈദഗ്ധ്യവുള്ള യുവതലമുറയുടെ കഴിവ് മനസിലാക്കി അവരെ അംഗീകരിക്കണം. കേരളത്തിൽ തന്നെ യുവതലമുറയ്ക്ക് നിൽക്കാൻ പറ്റുന്ന വിധത്തിൽ നൂതന സംരംഭങ്ങളിൽ നിക്ഷേപം നടത്താൻ പ്രവാസി സമൂഹം തയ്യാറകണമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

വേൾഡ് മലയാളി കൗൺസിൽ കേരള ഘടകം ചെയർമാൻ അഡ്വ. കെ.വി സാബു അധ്യക്ഷത വഹിച്ചു. അമേരിക്കയിൽ ഈ വർഷം നടക്കുന്ന വേൾഡ് മലയാളി കൗൺസിൽ സമ്മേളനത്തിന്റെ ബ്രോഷറും ചടങ്ങിൽ കേന്ദ്രമന്ത്രി പ്രകാശനം ചെയ്തു. കേരളത്തിലെ ഭൂമിയും ജലാശയങ്ങളും വായുവും മലിനമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാവി തലമുറയ്ക്ക് ഇവിടെ എങ്ങനെ ജീവിക്കാൻ കഴിയുമെന്ന് ഗൗരവമായി ചിന്തിക്കണമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത യാക്കോബായ സീനിയർ ബിഷപ്പ് ഡോ. ഏലിയാസ് മാർ അത്തനാസിയോസ് പറഞ്ഞു. ജലാശയങ്ങളും പാടശേഖരങ്ങളുമെല്ലാം ഇവിടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖല തകർച്ചയിലാണ്. ഇരിക്കുന്ന കൊമ്പു മുറിച്ചുകൊണ്ടാവരുത് വികസനം നടപ്പിലാക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. സാഹചര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ കഴിവുള്ളവരാണ് യുവതലമുറയെന്ന് സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ എറണാകുളം ജില്ലാ ജഡ്ജി എം. സുലേഖ പറഞ്ഞു. ഗ്ലോബൽ ചെയർമാൻ ഗോപാലൻ പിള്ള, പ്രസിഡന്റ് ജോൺ മത്തായി, ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗ്ഗീസ്, കേരള കൗൺസിൽ പ്രസിഡന്റ് പ്രസാദ് കുഴിക്കാല, ജനറൽ സെക്രട്ടറി അഡ്വ. എം. ജി ശ്രീജിത്ത്, സെൻട്രൽ പ്രോവിൻസ് ചെയർമാൻ വി.കെ വർഗ്ഗീസ്, നോർത്ത് പ്രൊവിൻസ് ചെയർമാൻ കെ നന്ദകുമാർ തുടങ്ങിയവർ സംസാരിച്ചു. സംഘടനയുടെ ഭാവി പദ്ധതികളും വീക്ഷണങ്ങളും ചടങ്ങിൽ പ്രഖ്യാപിച്ചു.

# ലീഗൽ മെട്രോളജി സേവനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കും: മന്ത്രി ജി.ആർ അനിൽ

**കൊച്ചി:** ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കാനും നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി അഡ്വ. ജി.ആർ. അനിൽ. കോലഞ്ചേരി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തനം ആരംഭിച്ച ലീഗൽ മെട്രോളജി പെരുമ്പാവൂർ സർക്കിൾ 2 ഇൻസ്പെക്ടർ ഓഫീസിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പതിനായിരക്കണക്കിന് വ്യാപാരികൾ ആശ്രയിക്കുന്ന തിരക്കേറിയ പ്രദേശങ്ങളിൽ പുതിയ ഇൻസ്പെക്ടർ ഓഫീസുകൾ ആരംഭിക്കേണ്ടതുണ്ട്. പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന സംവിധാനങ്ങളാണ്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെ ജനങ്ങൾക്ക് പലവിധത്തിലുള്ള കാലതാമസങ്ങൾ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലക്ഷക്കണക്കിന് അപേക്ഷകൾക്ക് തീർപ്പ് കൽപ്പിക്കുന്നതിനും ഇൻസ്പെക്ഷൻ നടപടികൾ ഊർജ്ജിതമാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. സർക്കാരിന്റെ ഇത്തരം ജനകീയ ഇടപെടലുകൾക്ക് പൊതുജനങ്ങളുടെ വലിയ തോതിലുള്ള സഹകരണവും പിന്തുണയും ലഭിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. നിലവിൽ പെരുമ്പാവൂർ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി സർക്കിൾ 2 ഇൻസ്പെക്ടർ ഓഫീസാണ് കോലഞ്ചേരി മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നത്. കുന്നത്തുനാട്, കിഴക്കമ്പലം, മഴുവന്നൂർ, ഐക്കരനാട്, പൂത്തൃക്ക, വെങ്ങോല, തിരുവാണിയൂർ, വടവുകോട് പുത്തൻകുരിശ് എന്നീ പഞ്ചായത്തുകളിലെ വ്യാപാരികൾക്കും ഓട്ടോറിക്ഷ തൊഴിലാളികൾക്കും അളവ് തൂക്ക ഉപകരണങ്ങളും ഫെയർ മീറ്ററുകളും മുദ്ര ചെയ്യുന്നതിന് ഇനി മുതൽ കോലഞ്ചേരിയിലെത്തിയാൽ മതിയാകും. അഡ്വ. പി.വി. ശ്രീനിജിൻ എം.എൽ.എ ചടങ്ങിൽ അധ്യക്ഷനായി. വടവുകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അമൃത സനൂപ്, വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ. റീന ഗോപാൽ, ലീഗൽ മെട്രോളജി അഡീഷണൽ കൺട്രോളർ രാജേഷ് സാം, ഡെപ്യൂട്ടി കൺട്രോളർ അബ്ദുൽ ഹാഫിസ്, ജനപ്രതിനിധികൾ, വ്യാപാര വ്യവസായി ഏകോപന സമിതി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## നേട്ടവുമായി കൊച്ചിൻ ഷിപ്യാർഡ്: ബൊള്ളാർഡ് പുൾ ടഗ്ഗുകളുടെ നിർമാണത്തിന് തുടക്കം കുറിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര കപ്പൽനിർമ്മാണ, കപ്പൽ അറ്റകുറ്റപ്പണി സ്ഥാപനമായ കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് (സിഎസ്എൽ), പോൾസ്റ്റാർ മാരിടൈം ലിമിറ്റഡിനായുള്ള 2 എഎസ്ടിഡിഎസ് 70 ടി ബൊള്ളാർഡ് പുൾ ടഗ്ഗുകളുടെ നിർമാണത്തിന്' ഉരുക്ക് മുറിയ്ക്കൽ' ചടങ്ങോടെ തുടക്കം കുറിച്ചു. 70 ടൺ ഭാരമുള്ള ബൊള്ളാർഡ് പുൾ ടഗ്ഗുകൾക്ക് 33 മീറ്റർ നീളവും 12.2 മീറ്റർ ബീമും 4.2 മീറ്റർ ഡ്രാഫ്റ്റും ഉണ്ട്. നിഗറ്റ ഐഎച്ച്ഐ പവർ സിസ്റ്റംസ് കമ്പനി ലിമിറ്റഡിൽ നിന്നുള്ള 1838 കിലോവാട്ട് ശേഷിയുള്ള 2പ്രധാന



എഞ്ചിനുകളും 2.7 മീറ്റർ പ്രൊപ്പല്ലറുകളും ഉപയോഗിച്ചായിരിക്കും ടഗ് പ്രവർത്തിപ്പിക്കുക. ഹാർബർ ടഗ്ഗുകൾക്കായുള്ള ലോകത്തിലെ പ്രധാന രൂപകല്പന കേന്ദ്രമായ റോബർട്ട് അലൻ ലിമിറ്റഡിന്റെ രൂപകൽപ്പനകൾക്കനുസൃതമായാണ് ഈ ടഗ്ഗുകൾ നിർമിക്കുക. സിഎസ്എൽ ഗ്രൂപ്പിന്റെ നിലവിലെ ഓർഡർ ബുക്കിൽ 17 എഎസ്ടിഡിഎസ് ടഗ്ഗുകളും 6 ഗ്രീൻ ടഗ്ഗുകളും ഉൾപ്പെടുന്നു. പോൾസ്റ്റാർ മാരിടൈം ലിമിറ്റഡിന്റെ ഡയറക്ടർ വിനിത് ബദാനി ഉരുക്ക് മുറിയ്ക്കൽ ചടങ്ങ് നിർവഹിച്ചു. എസ്.ഹരികൃഷ്ണൻ എസ് (ഡയറക്ടർ ഓപ്പറേഷൻസ്), എ. ഹരികുമാർ(സിഇഒ, യുസിഎസ്എൽ), വി.പി ഷിറാസ് (എക്സിക്യൂട്ടീവ് ഡയറക്ടർ ഷിപ്പ് ബിൽഡിംഗ്), സിഎസ്എല്ലിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ, ക്ലാസിഫിക്കേഷൻ സൊസൈറ്റി ഐആർഎസിലെ പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ് നടന്നത്.

## എസ്.എം.എ. രോഗത്തിനുള്ള സൗജന്യ മരുന്ന് 25 വയസ് വരെയാക്കി

**തിരുവനന്തപുരം:** കേരളത്തിന്റെ അപൂർവ രോഗ സംരക്ഷണ പദ്ധതിയായ കെയറിന്റെ ഭാഗമായി വിലകൂടിയ റിസ്ഡിപ്ലാം മരുന്ന് സൗജന്യമായി നൽകുന്നത് 25 വയസ് വരെയാക്കിയതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ്. 12 വയസ് വരെ നൽകിയിരുന്ന മരുന്നാണ് 25 വയസാക്കിയത്. ജനിതക പരിശോധനയിലൂടെ എസ്.എം.എ. ടൈപ്പ് 2 സ്ഥിരീകരിച്ച രോഗികളെയെല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രോഗികളും അവരുടെ കൂട്ടായ്മകളും ദീർഘകാലമായി മുന്നോട്ടുവച്ച ആവശ്യങ്ങൾ പരിഗണിച്ചാണ് ഈ തീരുമാനം. ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ 30 കോടി രൂപ പ്രത്യേകമായി വകയിരുത്തിയിരുന്നു. ഇതോടെ കേരളത്തിൽ എസ്.എം.എ. സ്ഥിരീകരിച്ച രോഗികളിൽ 80 ശതമാനത്തോളം പേർക്ക് സൗജന്യ മരുന്ന് ലഭ്യമാകുമെന്ന് മന്ത്രി വ്യക്തമാക്കി. പൂർവ രോഗങ്ങൾക്കുള്ള ചികിത്സകൾ അതീവ ചെലവേറിയതും ദീർഘകാല പിന്തുണ ആവശ്യമുള്ളതുമാണ്. ഇത് പരിഹരിക്കാനായാണ് 2024ൽ അപൂർവ രോഗ ചികിത്സയ്ക്കുള്ള സമഗ്ര പരിചരണ പദ്ധതി കെയർ ആവിഷ്ക്കരിച്ചത്. ഈ പദ്ധതിയിലൂടെ നിരവധി കുട്ടികൾക്ക് സൗജന്യ ചികിത്സയും തുടർച്ചയായ പിന്തുണയും നൽകി വരുന്നു. ഇപ്പോഴത്തെ തീരുമാനം വഴി യുവജനങ്ങളെയും ചികിത്സാ പരിധിയിൽ ഉൾപ്പെടുത്തുന്നതോടെ അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും സ്വയംപര്യാപ്തത വർധിപ്പിക്കാനും സാധിക്കും. രോഗികളുടെ ജനിതക പരിശോധനയും വിദഗ്ധ സമിതിയുടെ ശുപാർശയും അടിസ്ഥാനമാക്കിയാകും മരുന്ന് വിതരണം നടത്തുക.

## അഷ്വേർഡ് പെൻഷൻ ഏപ്രിൽ ഒന്നുമുതൽ: ഉത്തരവായി

**തിരുവന്തപുരം:** സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അഷേർഡ് പെൻഷൻ ഉറപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവായി. നാഷണൽ പെൻഷൻ സ്കീമിന് പകരമായി അഷേർഡ് പെൻഷൻ സ്കീം കൊണ്ടുവരുമെന്ന് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് മിനിമം പെൻഷൻ ഉറപ്പാക്കുന്ന അഷേർഡ് പെൻഷൻ സ്കീം 2026 ഏപ്രിൽ ഒന്നുമുതൽ പ്രാബല്യത്തിൽ വരുത്തികൊണ്ട് ഉത്തരവിറക്കിയത്. 2026 ഏപ്രിൽ ഒന്നുമുതൽ സർവീസിൽ പ്രവേശിക്കുന്നവർക്ക് അഷേർഡ് പെൻഷൻ സ്കീമോ നാഷണൽ പെൻഷൻ സ്കീമോ തെരഞ്ഞെടുക്കാം. നിലവിൽ നാഷണൽ പെൻഷൻ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് അഷേർഡ് പെൻഷൻ സ്കീം തെരഞ്ഞെടുക്കാനും അവസരമുണ്ട്.വിരമിക്കുന്ന സമയത്തെ അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനമായിരിക്കും അഷേർഡ് പെൻഷൻ സ്കീമിലെ പരമാവധി പെൻഷൻ തുക. ഇത് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിൽ അടിസ്ഥാനമാക്കിയായിരിക്കും കണക്കുകൂട്ടുക. ക്ഷാമാശ്വാസവും (ഡി.ആർ) ഇതിനോടൊപ്പം ഉണ്ടാകും. പരമാവധി പെൻഷൻ ലഭിക്കുന്നതിന് 30 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം. പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും അടങ്ങിയ ഉത്തരവുകൾ പ്രത്യേകമായി ഇറക്കുമെന്ന് ധനകാര്യമന്ത്രിയുടെ ഓഫിസ് അറിയിച്ചു.

## ഗർഭാശയഗള ക്യാൻസർ: എച്ച് പി വി വാക്സിനേഷൻ കാമ്പയിൻ ആരംഭിച്ചു

**കൊച്ചി:**ഗർഭാശയഗള കാൻസറിനെതിരെ എച്ച് പി വി വാക്സിനേഷൻ ക്യാമ്പയിൻ തുടങ്ങി. ജില്ലയിലെ 15934 കുട്ടികൾക്കാണ് പ്രതിരോധ കുത്തിവെയ്പ്പ് നൽകാൻ ലക്ഷ്യമിടുന്നത്. ആദ്യദിനത്തിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 111 കുട്ടികൾക്ക് വാക്സിൻ നൽകി.2026 ഫെബ്രുവരി 28ന് രാജ്യവ്യാപകമായി ആരംഭിക്കുന്ന വാക്സിനേഷൻ കാമ്പയിനിലൂടെ മൂന്നു മാസത്തിനകം 14 വയസ്സുള്ള എല്ലാ പെൺകുട്ടികൾക്കും ഒറ്റ ഡോസ് വാക്സിൻ നൽകാനാണ് ഭാരതസർക്കാർ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം തീരുമാനിച്ചിരിക്കുന്നത്. എറണാകുളം ജനറൽ ആശുപത്രിയിൽ നടന്ന ക്യാമ്പയിൻ കൊച്ചി നഗരസഭ കൗൺസിലർ കെ വി പി കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ആർ. ഷാഹിർഷാ അദ്ധ്യക്ഷത വഹിച്ചു. ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. കെ. എൻ സതീഷ് മുഖ്യ പ്രഭാഷണം നടത്തി. ഡോ. പ്രസ്ലിൻ ജോർജ് ജില്ലാ പ്രോഗ്രാം മാനേജർ, ഡോ. വിദ്യ കെ ആർ അഡിഷണൽ ഡിഎംഒ , ഡോ. രശ്മി എം എസ് ആർ സി എച്ച് ഓഫീസർ, ഡോ. ആരതി കൃഷ്ണൻ ഡെപ്യൂട്ടി ഡിഎംഒ , ഡോ. സജിത് ജോൺ ആർദ്രം നോഡൽ ഓഫീസർ, ഓൺങ്കോളജി കൺസൾട്ടന്റ് ഡോ. ഉഷ വാര്യർ, രജനി ജി ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർ എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഉദ്ഘാടന ചടങ്ങിൽ എട്ടു കുട്ടികൾക്ക് വാക്സിൻ നൽകി. വാക്സിനേഷൻ സ്വീകരിച്ച കുട്ടികളും അവരുടെ രക്ഷിതാക്കളും വാക്സിനേഷൻ ബോധവൽക്കരണ അംബാസഡർമാരാകും. ചടങ്ങിൽ ബോധവത്കരണ പോസ്റ്റർ പ്രകാശനം നടത്തി. ഫീൽഡ് തല പ്രചാരകരായ ആശ അങ്കണവാടി പ്രവർത്തകർക്ക് പ്രചാരണ നോട്ടീസ് കൈമാറി.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** 1995 ജനുവരി ഒന്ന് മുതൽ 2025 ഡിസംബർ 31 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ തൊഴിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്ത വിമുക്ത ഭടന്മാർക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി കൊണ്ട് തൊഴിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് 2026 ഏപ്രിൽ 30 വരെ വരെ സമയം അനുവദിച്ചതായി ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു. എറണാകുളം ജില്ലാ സൈനിക ക്ഷേമ ഓഫീസിൽനിന്നും നൽകിയ ഒറിജിനൽ തൊഴിൽ രജിസ്ട്രേഷൻ തിരിച്ചറിയൽ കാർഡുസഹിതമാണ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് . ഫോൺ: 0484-2422239.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മാറുന്ന സാങ്കേതികവിദ്യകളോട് ചേർന്ന് നിന്ന് പ്രിന്റ് വ്യവസായം വളർത്തണം: സി.രവീന്ദർ റെഡ്ഡി




**കൊച്ചി:** അറിവ് ബഹുമാനിക്കപ്പെടുന്നിടത്തോളം പ്രിന്റിംഗ് പ്രസക്തമായിരിക്കുമെന്ന് ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് പ്രസിഡന്റ് സി രവീന്ദർ റെഡ്ഡി പറഞ്ഞു. കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ പ്രിന്റ് ആന്റ് ബിയോണ്ട് സെമിനാർ പത്താം എഡിഷൻ റാഡിസൺ ബ്ലൂ ഹോട്ടലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.പ്രിന്റിംഗ് എന്നാൽ സംസ്കാരത്തിന്റെയും വിശ്വാസത്തിന്റേയും പുരോഗതിയുടേയും വാഹകരുമാണ്. സാങ്കേതികവിദ്യ എന്നതിനോടൊപ്പം ചലിക്കുന്ന സംസ്കാരമാണ് പ്രിന്റിംഗ് എന്നും അദ്ദേഹം പറഞ്ഞു. പ്രിന്റ് ഒരു മാധ്യമത്തിൽ എഴുതിയ വാക്ക് മാത്രമല്ലെന്നും അത് വിശ്വാസത്തെ ദൃശ്യമാക്കുന്നതാണെന്നും സി രവീന്ദർ റെഡ്ഡി പറഞ്ഞു.ഡിജിറ്റൽ കാലഘട്ടത്തിൽ പ്രിന്റ് നിലനിൽക്കുമോ എന്ന ചോദ്യത്തിനുള്ള ഉത്തരം പ്രിന്റ് നിലനിൽക്കുന്നതിന് പുറമേ, അത് പരിണമിക്കുമെന്നും മാറ്റങ്ങളോട് ചേർന്ന് നിൽക്കുന്നവർ വിജയിക്കുമെന്നാണെന്നും അദ്ദേഹം വ്യക്തമാക്കി.കേരളത്തിലെ പ്രിന്റിങ്ങ് മേഖലയുടെ വികസനത്തിന് സേവനം അനുഷ്ഠിച്ച പ്രിന്റേഴ്സ് കാസിൽ ഉടമ ജോസ് ജോസഫിന്റെ സ്മരണാർഥമാണ് കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ പരിപാടി സംഘടിപ്പിക്കുന്നത്. 'ആഗോളവത്ക്കരിക്കപ്പെട്ട ലോകത്ത് പ്രിന്റിന്റെ അതിജീവനം' എന്നതാണ് ഈ വർഷത്തെ പ്രമേയം.പ്രിന്റ് ആന്റ് ബിയോണ്ട് 2026 ചെയർമാൻ രാജു എൻ കുട്ടി സെമിനാർ പരിചയപ്പെടുത്തി. കെ എം പി എ സംസ്ഥാന പ്രസിഡന്റ് ലൂയിസ് ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു.മുംബൈ സ്റ്റെൽഡ പാക്കേജിംഗ് ആന്റ് ബൈന്റ് വെൽ മാനേജിംഗ് ഡയറക്ടർ സജിത്ത് പള്ളിപ്പുറം 'കേരളത്തിൽ നിന്ന് ആഗോള തലത്തിലേക്ക്' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. സൂറത്ത് കാംബെ ഫുഡ് സർവീസ് പാക്കേജിംഗ് എം ഡി പുൽകിത് ഛപാരിയ, ഗ്രേറ്റർ നോയിഡ ഹോളോസേഫ് സെക്യൂരിറ്റി ലേബൽസ് ഡയറക്ടറും ബിസിനസ് ഡവലപ്മെന്റ് ഹെഡ്ഡുമായ പ്രീതി മിശ്ര എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. കോർപറേറ്റ് ട്രെയിനറും മോട്ടിവേഷണൽ സ്പീക്കറുമായ ഷമീം റഫീക്ക്, പ്രിന്റ് വീക്ക് ഇന്ത്യ ആന്റ് വാട്ട് പാക്കേജിംഗ് മാഗസിൻ എഡിറ്റർ രാമു രാമനാഥൻ, ഹരിയാന മഹർഷി വാത്മീകി സംസ്കൃത സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. രാജേന്ദ്രകുമാർ അനായത്ത്, ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് മാസ്റ്റർ പ്രിന്റേഴ്സ് ജനറൽ സെക്രട്ടറി മെഹുൽ എ ദേശായി എന്നിവർ വിവിധ സെഷനുകൾ അവതരിപ്പിച്ചു. കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി ഡി. മൻമോഹൻ ഷേണായി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

# ആയുഷ് മിഷൻ ഫൺ റൺ സംഘടിപ്പിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ആരോഗ്യകേരളം കാമ്പയിന്റെ ഭാഗമായി കേരള സർക്കാർ ആയുഷ് വകുപ്പ് എറണാകുളം എൽ.എ.സി., ദേശീയ ആയുഷ് മിഷൻ കേരളം എന്നിവയുടെ ആഭിമുഖ്യത്തിൽ 'ഫൺ റൺ' സംഘടിപ്പിച്ചു.

കച്ചേരിപ്പടിയിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നിന്ന് ആരംഭിച്ച ഫൺ റൺ ദേശീയ ആയുഷ് മിഷൻ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജയകൃഷ്ണൻ കെ.വി.പി. ഫ്ളാഗ് ഓഫ് ചെയ്തു. ജില്ലാ ഹോമിയോ ആശുപത്രിയിൽ അവസാനിച്ച പരിപാടിയുടെ സമാപന സമ്മേളനം എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ല മെഡിക്കൽ ഓഫീസർ (ഐ എസ് എം) ഡോ. സീബ എസ്. ബാലകൃഷ്ണൻ, ജില്ല മെഡിക്കൽ ഓഫീസർ (ഹോമിയോ) ഡോ. മേഴ്സി ഗൊൺസാൽവസ്, ഹോമിയോ ആശുപതി സൂപ്ര് ഡോ. സിജി അബ്രാഹാം, സി. എം. ഒ. (ഐഎസ്എം) ഡോ. ബിന്ദു എം. എന്നിവർ പങ്കെടുത്തു. എടവനക്കാട് സെന്റ് ആംബ്രോസ് യു.പി സ്കൂളിലെ വിദ്യാർത്ഥികൾ യോഗ നൃത്തം അവതരിപ്പിച്ചു. തുടർന്ന് നാച്ചുറോപതി മെഡിക്കൽ ഓഫീസർ ഡോ. അഞ്ജൽ കൃഷ്ണയും യോഗ ഇൻസ്ട്രക്ടർ ആന്റണിയും നയിച്ച യോഗ വാം അപ്പ് സെഷൻ നടന്നു. ഫൺ റണ്ണിൽ ആയുഷ് വകുപ്പിലെ ഡോക്ടർമാരും ജീവനക്കാരും ഉൾപ്പെടെ പങ്കെടുത്തു.

# എ.എസ്.ജി. വാസൻ ഐ ഹോസ്പിറ്റൽസ് അത്യാധുനിക ആശുപത്രി പ്രവർത്തനം തുടങ്ങി



**കൊച്ചി:** കൊച്ചിയിൽ തങ്ങളുടെ സാന്നിധ്യം വ്യാപിപ്പിച്ച് എ.എസ്.ജി. വാസൻ ഐ ഹോസ്പിറ്റൽസ്. വൈറ്റില ജനത ജംഗ്ഷനിൽ വാസന്റെ ഏറ്റവും പുതിയ അത്യാധുനിക ആശുപത്രി പ്രവർത്തനം ആരംഭിച്ചു. കൊച്ചി മേയർ അഡ്വ.വി.കെ മിനിമോൾ, തൃക്കാക്കര എംഎൽഎ ഉമ തോമസ് എന്നിവർ മുഖ്യാതിഥികളായ ഉദ്ഘാടന ചടങ്ങിൽ, ഗായിക ഡോ. വൈക്കം വിജയലക്ഷ്മി ആശുപത്രിയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചുകൊണ്ട് ദീപം തെളിയിച്ചു.

ഡെപ്യൂട്ടി മേയർ ദീപക് ജോയ്, ജിസിഡിഎ ചെയർമാനും മുൻ എംപിയുമായ കെ. ചന്ദ്രൻ പിള്ള, ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, വാർഡ് കൗൺസിലർമാരായ എം. എക്സ് സെബാസ്റ്റ്യൻ, അനു കെ. തങ്കച്ചൻ, ജോയ്സ് സതീഷ്, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, മെഡിക്കൽ ട്രസ്റ്റ് ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. പി. വി. ലൂയിസ്, എ.എസ്.ജി. വാസൻ ഐ ഹോസ്പിറ്റൽസിന്റെ സി.ഒ.ഒ. ഡോ. കമൽ ബാബു, ഡയറക്ടർ സുന്ദരമുരുഗേശൻ, റീജിയണൽ മെഡിക്കൽ ഡയറക്ടർ ഡോ. സോണി ജോർജ് തുടങ്ങിയവർ പങ്കെടുത്തു.12,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നഗര ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രി, ലോകോത്തര നിലവാരത്തിലുള്ള നേത്ര പരിചരണ സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് എ.എസ്.ജി ഐ ഹോസ്പിറ്റൽസിന്റെ സിഒഒയുമായ ഡോ. കമൽ ബാബു പറഞ്ഞു. ഉദ്ഘാടനത്തിന്റെ ഭാഗമായും കണ്ണിന്റെ ആരോഗ്യത്തിന് മുൻഗണന നൽകാൻ പ്രോത്സാഹിപ്പിക്കുന്നതിനുമായി മാർച്ച് 31 വരെ ആശുപത്രിയിൽ വരുന്ന എല്ലാവർക്കും സൗജന്യ നേത്ര പരിശോധന ലഭ്യമായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പരാജയങ്ങളെ പഠനങ്ങളായി കൈകാര്യം ചെയ്യണം

**കൊച്ചി:** പ്രതീക്ഷിക്കാത്തതിനെ പ്രതീക്ഷിക്കുകയും എപ്പോഴും തയ്യാറായിരിക്കുകയും ശരിയായ സംഘത്തെ തെരഞ്ഞെടുക്കുകയും തന്റെ സംഘത്തെ വിശ്വസിക്കുകയും എല്ലാ സമ്മർദ്ദങ്ങളിൽ നിന്നും തന്റെ ടീമിനെ സംരക്ഷിക്കുകയും ചെയ്യുമ്പോഴാണ് പോലീസിന്റെ കേസന്വേഷണം പോലെ മാനേജ്മെന്റ് രംഗത്തും വിജയം വരിക്കാനാവുകയെന്ന് കേരള പോലീസ് അഡീഷണർ ഡയറക്ടർ ജനറൽ പി. വിജയൻ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ ഇൻസൈറ്റ് എക്സ് സീരിസിന്റെ 17ാം എഡിഷനിൽ ചേലേമ്പ്ര ബാങ്ക് കവർച്ചാ അന്വേഷണത്തിൽ നിന്നും പഠിച്ച നേതൃത്വ പാഠങ്ങൾ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാണുന്നതെല്ലാം വിശ്വസിക്കരുതെന്നും എതിരാളിയെ മനസ്സിലാക്കി സ്വന്തം പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു. മാത്രമല്ല പരാജയങ്ങളെ പാഠങ്ങളായി കൈകാര്യം ചെയ്യുകയും വേണം. കൂടെയുള്ളവർ തങ്ങളേക്കാൾ മികച്ചവരാണെന്ന തിരിച്ചറിയുവുണ്ടാകുമ്പോഴാണ് നേതൃത്വം വഹിക്കുന്നയാൾക്ക മികച്ച രീതിയിൽ സംഘത്തെ നയിക്കാനാവുക. ചിലപ്പോൾ ചിലരുടെ അഭിപ്രായങ്ങളോ നീക്കങ്ങളോ ക്ഷമിക്കാനാവാത്തത്രയും വലിയ പരാജയം നൽകിയേക്കാമെങ്കിലും അവർ വിജയം നൽകാനുള്ള പരിശ്രമത്തിലാണെന്ന് തിരിച്ചറിഞ്ഞ് അവയെല്ലാം സംയമനത്തോടെ നേരിടാൻ സാധിക്കണമെന്നും പി. വിജയൻ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് കെ ഹരികുമാർ അധ്യക്ഷത വഹിച്ചു. കെ. എം. എ വൈസ് പ്രസിഡന്റും പ്രോഗ്രാം ചെയർമാൻ ദിലീപ് നാരായണൻ, മാനേജിംഗ് കമ്മിറ്റി അംഗം മീന തോമസ് തുടങ്ങിയവർ സംസാരിച്ചു.

# എംഎസ്എംഇ മേഖലയ്ക്കായി വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു




**കൊച്ചി:** ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരഭകർക്കായി കേന്ദ്ര സർക്കാരിനു കീഴിലുള്ള നവരത്ന കമ്പനികളിലൊന്നായ പവർ ഗ്രിഡ് കോർപ്പറേഷൻ ഇതാദ്യമായി കൊച്ചിയിൽ വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. നാഷനൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (എൻഎസ്ഐസി), സതേൺ ഇന്ത്യാ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (സിക്കി) എന്നിവയുടെ സഹകരണത്തോടെയാണ് പ്രോഗ്രാം നടന്നത്. പവർഗ്രിഡ് കോർപ്പറേഷൻ ഡിജിഎം ജോൺ ജോർജ്, പവർഗ്രിഡ് ആർഎച്ച്ക്യു ബംഗളൂരു മാനേജർ കോൺട്രാക്ട്സ് പൂർണ ചന്ദ്ര റാവു, സിക്കി കേരള ചെയർമാൻ ഡോ. തോമസ് നെച്ചുപ്പാടം, എൻഎസ്ഐസി കേരളാ ശാഖാ മാനേജർ ഗ്രേസ് റെജി എന്നിവർ സംസാരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എംഎസ്എംഇ പ്രതിനിധികൾ സംബന്ധിച്ചു. പവർഗ്രിഡ് കോർപ്പറേഷൻ ദക്ഷിണ മേഖലാ രണ്ടിൽ വെണ്ടർമാരായി എംഎസ്എംഇ സംരഭങ്ങളെ എൻ റോൾ ചെയ്യുന്നതിനും ഈ മേഖലയിലെ അവസരങ്ങൾ പരിചയപ്പെടുത്തുന്നതിനുമാണ് പ്രോഗ്രാം സംഘടിപ്പിച്ചതെന്ന് ചടങ്ങിൽ സംസാരിച്ച സിക്കി കേരള ചെയർമാൻ ഡോ തോമസ് നെച്ചുപ്പാടം പറഞ്ഞു. സബ്സ്റ്റേഷൻ ഉപകരണങ്ങൾ, ട്രാൻസ്മിഷൻ ലൈൻ സംവിധാനങ്ങൽ, സവിശേഷ ടെസ്റ്റിംഗ്, അളവു സേവനങ്ങൾ, ടൂൾസ്പ്ലാന്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് കേരളത്തിലെ സംരംഭങ്ങൾക്ക് അവസരമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രാനിറ്റ്, ജെം, സിപിപി തുടങ്ങിയ പോർട്ടലുകളിലൂടെ ഇ-ടെണ്ടർ മുഖേനയാണ് അവസരങ്ങൾ ലഭ്യമാക്കാനാവുക. റെജിസ്ട്രേഷനുള്ള പിന്തുണ എൻഎസ്ഐസി നൽകും.

# കുറ്റാന്വേഷണ, നിയമ നടപടികളിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് പ്ലീഡർമാരും പ്രോസിക്യൂട്ടർമാരും പ്രവർത്തിക്കണം: മന്ത്രി പി.രാജീവ്

**കൊച്ചി:** ഗവൺമെന്റ് പ്ലീഡർമാരും, പബ്ലിക് പ്രോസിക്യൂട്ടന്മാരും വളരെ ഉത്തരവാദിത്വമുള്ള ജോലികൾ ചെയ്യുന്നവരാണെന്നും ആധുനിക കാലത്തെ കുറ്റാന്വേഷണ രീതികളിലും നിയമ നടപടികളിലും വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് കൂടുതൽ ജാഗ്രതയോടെ ഉയർന്ന് പ്രവർത്തിക്കണമെന്നും മന്ത്രി പി രാജീവ് പറഞ്ഞു.

എറണാകുളം ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പബ്ലിക് പ്രോസിക്യൂട്ടർമാർക്കും ഗവൺമെന്റ് പ്ലീഡർമാർക്കുമായി സംഘടിപ്പിച്ച ദ്വിദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. മുൻ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എബ്രഹാം മാത്യു ഇലക്ട്രോണിക്സ് എവിഡൻസ് എന്ന വിഷയത്തിലും, ഡോ ഗോപാലകൃഷ്ണപിള്ള മെഡിക്കോ ലീഗൽ അസ്പെക്ട്സ് ഓഫ് മെക്കാനിക്കൽ ഇഞ്ചുറിസ് എന്ന വിഷയത്തിലും, രാം ദാസ് നാരായണൻ സ്മാർട്ട് ക്രൈംസ് സ്മാർട്ടർ പ്രോസീക്യൂഷൻ ഫ്രം ഡിജിറ്റൽ എവിഡൻസ് ടു അൽഗോരിതമിക് ജസ്റ്റിസ് എന്ന വിഷയത്തിലും ക്ലാസുകൾ നയിച്ചു. ചടങ്ങിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസീക്യൂഷൻ ടി.എ. ഷാജി അധ്യക്ഷനായി. ഡയറക്ടർ ഓഫ് പ്രോസീക്യൂഷൻ ഫരീദ മജീദ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസീക്യൂഷൻ എം.ഡി. അനീഷ് എന്നിവർ പങ്കെടുത്തു.

# ഗോത്രവർഗ്ഗ മേഖലയിൽ ക്ഷേമപദ്ധതിയുമായി ഐ.സി.എൽ ഫിൻകോർപ്പ്

**കൊച്ചി:** കേരളത്തിലെ പ്രമുഖ സാമ്പത്തികകാര്യ സ്ഥാപനമായ ഐ.സി.എൽ ഫിൻകോർപ്പ് ലിമിറ്റഡ് ഗോത്രവർഗ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ആതിരപ്പള്ളി ഗ്രാമപ്പഞ്ചായത്തിലെ തവളക്കുഴിപ്പാറ ഉന്നതിയിലെ മലയൻ വിഭാഗത്തിൽപ്പെട്ട 35 കുടുംബങ്ങൾക്കായി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതിയുടെ ഉദ്ഘാടനം മുൻ ആഭ്യന്തര വകുപ്പ് മന്ത്രിയും പ്രതിപക്ഷ നേതാവുമായിരുന്ന രമേശ് ചെന്നിത്തല എം.എൽ.എ നിർവഹിച്ചു. ഐ.സി.എൽ ഫിൻകോർപ്പ് ലിമിറ്റഡ് ചെയർമാനും മാനേജിങ് ഡയറക്ടറും ആയ അഡ്വ. കെ. ജി




അനിൽകുമാർ, ബോർഡ് ഡയറക്ടർ ഉമാ അനിൽകുമാർ, ചാലക്കുടി എം. എൽ. എ. സനീഷ് കുമാർ ജോസഫ് തുടങ്ങിയവർ പങ്കെടുത്തു. ഐ.സി. എൽ ഫിൻകോർപ്പ് ലിമിറ്റഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ അഡ്വ. കെ.ജി അനിൽ കുമാറിന്റെ മകന്റെ വിവാഹത്തോടനുബന്ധിച്ചു നടപ്പിലാക്കുന്ന ക്ഷേമ പദ്ധതിയിൽ ഒന്നാണിത്.

ചാലക്കുടി എം.എൽ.എ സതീഷ്കുമാർ ജോസഫിന്റെ അഭ്യർത്ഥനയെ തുടർന്നാണ് തവളക്കുഴിപ്പാറ ഉന്നതിയെ തിരഞ്ഞെടുത്തിട്ടുള്ളത്.

# 'വെയർ ദ ഹാർട്ട് ഈസ്' സീസണിൽ

## കീർത്തി സുരേഷ് ആന്റണി തട്ടിൽ ദമ്പതികൾ

**കൊച്ചി:** പെയിന്റ് നിർമ്മാതാക്കളായ ഏഷ്യൻ പെയിന്റ്സ് അവതരിപ്പിക്കുന്ന 'വെയർ ദ ഹാർട്ട് ഈസ്' സീസൺ 9ൽ നടി കീർത്തി സുരേഷും ഭർത്താവ് ആന്റണി തട്ടിലും പങ്കെടുക്കുന്നു. ഈ എപ്പിസോഡിൽ കൊച്ചിയിലെ സ്വന്തം വീടാണ് കീർത്തിയും ആന്റണിയും പ്രേക്ഷകർക്ക് പരിചയപ്പെടുത്തുന്നത്.

'ഹൗസ് ഓഫ് ഫൺ' എന്ന് പേരിട്ടിരിക്കുന്ന ദമ്പതികളുടെ അപാർട്ട്മെന്റിൽ പ്രകൃതിദത്ത വെളിച്ചം, ഹരിതാഭമായ കാഴ്ചകൾ, വിവാഹ ചിത്രങ്ങൾ, കലാസൃഷ്ടികൾ എന്നിവ ശ്രദ്ധയാകർഷിക്കുന്നു. കീർത്തിക്ക് ദേശീയ പുരസ്കാരം നേടിക്കൊടുത്ത മഹാനടി എന്ന സിനിമയെ ആസ്പദമാക്കി ഒരുക്കിയ കലാസൃഷ്ടിയും വീട്ടിലെ പ്രധാന ആകർഷണങ്ങളിലൊന്നാണ്. വീടിനകത്തെ നിറങ്ങളുടെ വൈവിധ്യം, വ്യക്തിപരമായ അലങ്കാരങ്ങൾ തുടങ്ങിയവയും ശ്രദ്ധയമാണ്. തങ്ങളെപ്പോലെ വീട് പണിയാൻ ആഗ്രഹിക്കുന്ന യുവ ദമ്പതികളാണെങ്കിൽ വളരെ വ്യക്തിപരമായ എന്തെങ്കിലും ചെയ്യുന്നത് ഉറപ്പാക്കണമെന്ന് കീർത്തി സുരേഷ് പറഞ്ഞു.

കീർത്തി സുരേഷ്, ആന്റണി തട്ടിൽ ദമ്പതികളെക്കൂടാതെ സീസൺ 9ൽ അർച്ചന പുരൺ സിംഗ്, സോനാക്ഷി സിൻഹ, സഹീർ ഇക്ബാൽ, ഗൗതം ഗംഭീർ, അമൻ, പ്രിയ ഗുപ്ത എന്നിവരും പങ്കെടുക്കുന്നുണ്ട്. ക്യാംപെയ്ൻ ഏഷ്യൻ പെയിന്റ്സിന്റെ ഡിജിറ്റൽ വേദികളിലും ജിയോ ഹോട്സ്റ്റാറിലും ലഭിക്കും.

# ഐസിഐസിഐ പ്രുഡൻഷ്യൽ ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. യൂലിപ് വിഭാഗത്തിൽപ്പെട്ട ഈ പദ്ധതി നിക്ഷേപകർക്ക് സുതാര്യമായ രീതിയിൽ അച്ചടക്കത്തോടു കൂടി ഓഹരി വിപണിയിൽ പങ്കാളികളാകാനുള്ള അവസരമാണ് നൽകുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ മനീഷ് കുമാർ പറഞ്ഞു. ബിഎസ്സി 500 ഡിവിഡന്റ് ലീഡേഴ്സ് 50 സൂചികയാവും ഫണ്ട് പിന്തുടരുക. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ 33.63 ശതമാനവും അഞ്ചു വർഷങ്ങളിൽ 30.96 ശതമാനവും 10 വർഷങ്ങളിൽ 20.40 ശതമാനവും നേട്ടമാണ് ഈ സൂചിക നൽകിയിട്ടുള്ളതെന്ന് 2026 ജനുവരി 30ലെ കണക്കുകൾ വ്യക്തമാക്കുന്നു. കമ്പനിയുടെ ജനപ്രിയ യൂലിപ് പദ്ധതികളായ ഐസിഐസിഐ പ്രു സിഗ്നേചർ അഷ്വർ, ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് അഷ്വർ, ഐസിഐസിഐ പ്രു സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് (എസ്ഐപി പ്ലസ്) എന്നിവ അടക്കം വിവിധ പദ്ധതികൾക്കൊപ്പം ഡിവിഡന്റ് ലീഡേഴ്സ് 50 ഇൻഡക്സ് ഫണ്ട് ലഭ്യമാണ്.

# മാൻ കാൻകോറിന് അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സുസ്ഥിരതാ പുരസ്കാരം

**കൊച്ചി:** പ്രകൃതിദത്ത ചേരുവകളുടെ ഉൽപ്പാദനത്തിൽ ആഗോളതലത്തിൽ ശ്രദ്ധേയരായ മാൻ കാൻകോർ, 2026ലെ അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനത്തിൽ സുസ്ഥിരതാ പുരസ്കാരം കരസ്ഥമാക്കി. സുഗന്ധവ്യഞ്ജന മേഖലയിൽ പരിസ്ഥിതി സൗഹൃദപരവും സാമൂഹിക പ്രതിബദ്ധതയുള്ളതുമായ പദ്ധതികൾ മികച്ച രീതിയിൽ നടപ്പിലാക്കിയതിനാണ് കമ്പനിക്ക് ഈ അംഗീകാരം ലഭിച്ചത്. ഉത്തർപ്രദേശിലെ പുതിന കർഷകരുടെ ഉന്നമനത്തിനായി കമ്പനി ആവിഷ്കരിച്ച 'മിന്റ് സസ്റ്റൈനബിലിറ്റി ഇനിഷ്യേറ്റീവ്' ആണ് അവാർഡിനായി പരിഗണിക്കപ്പെട്ടത്. ഐ.എസ്.സി സസ്റ്റൈനബിലിറ്റി അവാർഡ്സിൽ രണ്ടാം സ്ഥാനമാണ് കമ്പനി നേടിയത്. ഉത്തർപ്രദേശിലെ 550 ഗ്രാമങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ആറായിരത്തിലധികം കർഷകരെയും 6,500 ഹെക്ടർ കൃഷിഭൂമിയെയും ഉൾപ്പെടുത്തിയാണ് മാൻ കാൻകോർ ഈ സുസ്ഥിര കൃഷി മാതൃക വികസിപ്പിച്ചെടുത്തത്. സെൻട്രൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മെഡിസിനൽ ആൻഡ് ആരോമാറ്റിക് പ്ലാന്റ്സുമായി (CIMAP) സഹകരിച്ച് നടപ്പിലാക്കിയ 'ഏർലി മിന്റ് ടെക്നോളജി' ഈ പദ്ധതിയുടെ പ്രധാന സവിശേഷതയാണ്. ഈ സാങ്കേതികവിദ്യ വഴി ജലസേചനത്തിൽ മുപ്പത് ശതമാനാം കുറവ് വരുത്തുവാനും തന്മൂലം ഡീസൽ പാമ്പുകളുടെ ഉപയോഗം കുറയ്ക്കുകവഴി ഹരിതഗൃഹ വാതക പുറന്തള്ളലിൽ മുപ്പത്തിയേഴ് ശതമാനവും കുറവ് വരുത്താനും സാധിച്ചു. ഡീസലിന്റെ ഉപയോഗം കുറച്ചതും വിളവ് വർദ്ധിപ്പിച്ചതും കർഷകരുടെ വരുമാനത്തിൽ വലിയ മാറ്റമു ണ്ടാ




ക്കി. കർഷകർക്ക് വിപണി നിരക്കിനേക്കാൾ ഉയർന്ന താങ്ങുവില ഉറപ്പാക്കുന്നതിലൂടെ മികച്ച ഉപജീവനമാർഗ്ഗമാണ് കമ്പനി ഒരുക്കുന്നത്. ആധുനിക രീതിയിലുള്ള ഡിസ്റ്റിലേഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ചതോടെ പുതിന എണ്ണയുടെ എക്സ്ട്രാക്ഷൻ യിൽഡ് 15 ശതമാനം വർദ്ധിക്കുകയും ജലഉപയോഗം പകുതിയോളം കുറയുകയും ചെയ്തു. ഇതിനുപുറമെ, ഓരോ കൃഷിയിടവും ജിയോടാഗ് ചെയ്യുന്നതിലൂടെ ഉൽപ്പന്നങ്ങളുടെ ഉറവിടം മുതൽ വിതരണം വരെയുള്ള കാര്യങ്ങളിൽ പൂർണ്ണമായ സുതാര്യതയും കമ്പനി ഉറപ്പുവരുത്തുന്നു. സുസ്ഥിരത എന്നത് കേവലം വാഗ്ദാനമല്ല, മറിച്ച് പ്രായോഗികവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായിരിക്കണം എന്ന മാൻ കാൻകോറിന്റെ കാഴ്ചപ്പാടിനുള്ള വലിയൊരു അംഗീകാരമാണിത്.

# 'ക്ലാസ്' അക്കാദമി ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർ പ്രൈസസും അസാപ് കേരളയും സംയുക്തമായി ആരംഭിക്കുന്ന 'ക്ലാസ്' അക്കാദമി ഏലൂർ ആന വാതിലിലെ കെ.എസ്.ഐ.ഇ സി.എഫ്.എസ് കോംപ്ലക്സിൽ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. ലോജിസ്റ്റിക്സ് മേഖലയിൽ നിരവധി തൊഴിലവസരങ്ങളാണ് ഉദ്യോഗാർഥികളെ കാത്തിരിക്കുന്നതെന്നും തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്നതിലും വ്യവസായ വളർച്ചയ്ക്ക്



പിന്തുണ നൽകുന്നതിലും 'ക്ലാസ്' അക്കാദമി സഹായകമാകുമെന്നും അക്കാദമി ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പി. രാജീവ് പറഞ്ഞു. കളമശ്ശേരിയിലെ ബ്രൈമേഴ്സ്, അങ്കമാലിയിലെ അവിഗ്ന തുടങ്ങി നിരവധി ലോജിസ്റ്റിക് പാർക്കുകൾ ഉടൻ പ്രവർത്തന സജ്ജമാകുന്നതിനൊപ്പം ഒരു പ്രധാന ലോജിസ്റ്റിക്സ് കമ്പനി കൂടി കേരളത്തിൽ പ്രവർത്തനമാരംഭിക്കാൻ ധാരണയായിട്ടുണ്ട്. ലോജിസ്റ്റിക് മേഖലയിലുണ്ടാകാൻ പോകുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ സാധിക്കണമെന്നും അദാനി ഗ്രൂപ്പിന്റെ 70 ഏക്കറിലധികമുള്ള ലോജിസ്റ്റിക്സ് പാർക്കിന്റെ ഉദ്ഘാടനം മാർച്ച് അവസാനം നടക്കുമെന്നും മന്ത്രി പി. രാജീവ് ചൂണ്ടിക്കാട്ടി. ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു ഓൺലൈനായി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. എൻ.സി.വി.ഇ.ടി അംഗീകരിച്ച വിവിധ കോഴ്സുകളാണ് ക്ലാസ് അക്കാദമിയിൽ സംഘടിപ്പിക്കുന്നത് . ലോജിസ്റ്റിക്സ് മേഖലയിലെ ആവശ്യങ്ങൾ മുൻനിർത്തി വെയർഹൗസ് മാനേജർ, വെയർഹൗസ് എക്സിക്യൂട്ടീവ്, ഫോർക്ക്ലിഫ്റ്റ് ഓപ്പറേറ്റർ, റീച്ച് സ്റ്റാക്കർ ഓപ്പറേറ്റർ, വെയർഹൗസ് ഓപ്പറേഷൻസ് തുടങ്ങിയ സർട്ടിഫിക്കറ്റ് കോഴ്സുകളും ലഭ്യമാകും. ലോജിസ്റ്റിക്സ്, കാർഗോ മാനേജ്മെന്റ്, ഷിപ്പിംഗ്, വെയർഹൗസിംഗ് തുടങ്ങിയ മേഖലകളിൽ മനുഷ്യവിഭവശേഷി വളർത്തുകയാണ് അക്കാദമിയുടെ ലക്ഷ്യം. ആധുനിക സൗകര്യങ്ങളോടെയുള്ള പരിശീലനത്തിലൂടെ വിദ്യാർത്ഥികൾക്ക് തൊഴിൽ സാധ്യത ഉറപ്പാക്കാനാണ് പദ്ധതി. വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് മുഖ്യപ്രഭാഷണം നടത്തി. കെ. എസ്. ഐ.ഇ ചെയർമാൻ പീലിപ്പോസ് തോമസ്, ഏലൂർ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ എം. ലളിത, ബി.പി. ടി ചെയർമാൻ കെ. അജിത് കുമാർ, അസാപ് കേരള ബിസിനസ് ഹെഡ് ഡോ. വിനോദ് ശങ്കർ, ടി.സി.സി മാനേജിംഗ് ഡയറക്ടർ ആർ. രാജീവ്, വാർഡ് കൗൺസിലർ ജോസഫ് ഷെറി, കെ.എസ്.ഐ.ഇ മാനേജിംഗ് ഡയറക്ടർ രാജശേഖരൻ പിള്ള എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# ഹൃദയമിടിപ്പു കുറയുന്ന ബ്രാഡികാർഡിയ വർധിക്കുന്നതായി ഹൃദ്രോഗ വിദഗ്ധർ

**കൊച്ചി:** ഹൃദയമിടിപ്പ് മന്ദഗതിയിലാകുന്ന ബ്രാഡികാർഡിയ സംഭവങ്ങൾ വർധിക്കുന്നതായി ഹൃദ്രോഗ വിദഗ്ധർ. പലപ്പോഴും ഇത് അവഗണിക്കപ്പെടുന്നതായി കാർഡിയോളജി വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു. മിനിറ്റിൽ 60 ഹൃദയമിടിപ്പുകൾക്കു താഴെയുള്ള നിലയിലേക്കു നീങ്ങുന്നതാണ് ബ്രാഡികാർഡിയയായി നിർവചിക്കപ്പെട്ടിട്ടുള്ളത്.

ആയിരത്തിൽ ഒരാൾക്ക് ഇതു ബാധിക്കുന്നതായും 65 വയസിനു മുകളിലുള്ളവരിൽ ഇതു കൂടുതലാണെന്നും ചൂണ്ടിക്കാട്ടപ്പെടുന്നു. ക്ഷീണം, തലകറക്കം, ശ്വാസത്തിന്റെ ബുദ്ധിമുട്ട്, പ്രത്യേക കാരണമില്ലാതെ തളർന്നു വീഴുക തുടങ്ങിയവയാണ് ഇതിന്റെ ലക്ഷണങ്ങൾ.

ഹൃദയത്തിലെ ഇലക്ട്രിക്കൽ സംവിധാനങ്ങളിലെ അസാധാരണത്വങ്ങളിൽ നിന്നാണ് ബ്രാഡികാർഡിയ ഉൽഭവിക്കുന്നതെന്ന് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ അസ്റ്റർ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് കാർഡിയാക് സയൻസസ് ലീഡ് സീനിയർ കൺസൾട്ടന്റ് ഡോ. ആർ അനിൽ കുമാർ ചൂണ്ടിക്കാട്ടി. ഇത് നിർണായക അവയവങ്ങളിലേക്കുള്ള രക്ത ചംക്രമണം കുറക്കും. ലീഡ്ലെസ് പേസ്മേക്കറുകൾ വ്യക്തികൾക്കായി ശ്രദ്ധാപൂർവ്വം തെരഞ്ഞെടുക്കുന്നത് സങ്കീർണതകൾ ഒഴിവാക്കുന്നതിലും രോഗത്തിൽ നിന്നു വിമുക്തി നേടുന്നതിലും ഏറെ പ്രധാനപ്പെട്ടതാണെന്നും ഡോ.അനിൽകുമാർ ചൂണ്ടിക്കാട്ടി.

# ഇന്ത്യ–ഇസ്രയേൽ സ്വതന്ത്ര വ്യാപാര കരാർ ചർച്ച തുടരും; അടുത്ത ചർച്ച ഇസ്രയേലിൽ

**ന്യൂഡൽഹി:** ഇന്ത്യ-ഇസ്രയേൽ സ്വതന്ത്ര വ്യാപാര കരാറുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടന്ന ചർച്ചകളുടെ ആദ്യഘട്ടം പൂർത്തിയായി. സന്തുലിതവും പരസ്പരം പ്രയോജനകരവുമായ സമഗ്ര കരാറിലെത്തുകയെന്ന ലക്ഷ്യം ഇരുപക്ഷവും ചർച്ചയിൽ മുന്നോട്ടു വെച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഇടക്കാല ചർച്ചകൾ ഓൺലൈനായി തുടരാനും തീരുമാനമായി. നേരിട്ടുള്ള അടുത്തഘട്ട ചർച്ചകൾ മെയ് മാസം ഇസ്രയേലിൽ നടക്കും. ഇരുരാജ്യങ്ങളും തമ്മിലെ വ്യാപാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഇരു രാജ്യങ്ങൾക്കും പ്രയോജനകരായ സ്വതന്ത്ര വ്യാപാര കരാർ എത്രയും വേഗം അന്തിമമാക്കണമെന്ന് ഇസ്രയേലിൽ രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനിടയിൽ ജറുസലേമിലെ നെസെറ്റിന്റെ പ്രത്യേക പ്ലീനറി സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

വ്യാപാരം, നൂതനാശയം, വളർച്ച എന്നിവയിൽ പുതിയ അവസരങ്ങൾ കണ്ടെത്താൻ ഇരുപക്ഷവും പരസ്പരം ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ടെന്ന് ഇന്ത്യ സന്ദർശിച്ച ഇസ്രയേൽ പ്രതിനിധി സംഘവുമായി നടത്തിയ കൂടിക്കാഴ്ചയിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ വ്യക്തമാക്കി. ഇതിലൂടെ ഇരുരാജ്യങ്ങളും തമ്മിലെ വിലപ്പെട്ട പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനാകുമെന്നും അദ്ദേഹം പറഞ്ഞു. ആധുനികവും സമഗ്രവും ഭാവി സജ്ജവുമായ വ്യാപാര കരാറിന് രൂപം നൽകാൻ ഇരുരാജ്യവും മുൻഗണന നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ചരക്ക് സേവന വ്യാപാരം, വ്യാപാരത്തിലെ സാങ്കേതിക തടസങ്ങൾ, കസ്റ്റംസ് നടപടിക്രമങ്ങൾ, ബൗദ്ധിക സ്വത്തവകാശം, ഡിജിറ്റൽ വ്യാപാരം, കരാറിലെ മറ്റ് പ്രധാന അധ്യായങ്ങൾ എന്നിവയുൾപ്പെടെ വിപുലമായ മേഖലകളെക്കുറിച്ച് നാലുദിവസം നീണ്ടുനിന്ന ചർച്ചകളിൽ ഇരുരാജ്യങ്ങളും ആശയങ്ങൾ കൈമാറി.

2024–25 സാമ്പത്തിക വർഷം ഇരുരാജ്യങ്ങളും തമ്മിലെ ഉഭയകക്ഷി ചരക്ക് വ്യാപാരം ഏകദേശം 3.62 ബില്യൺ യുഎസ് ഡോളറായിരുന്നു.

നിർദിഷ്ട സ്വതന്ത്ര വ്യാപാര കരാർ ഇന്ത്യയിലെയും ഇസ്രയേലിലെയും വ്യാപാരസംരംഭങ്ങൾക്ക് സുസ്ഥിരവും പ്രവചിക്കാവുന്നതുമായ ചട്ടക്കൂട് നൽകി വ്യാപാരം വർധിപ്പിക്കാൻ വിലപ്പെട്ട അവസരം ഉറപ്പാക്കും. യന്ത്രസാമഗ്രികൾ, രാസവസ്തുക്കൾ, വസ്ത്രങ്ങൾ, കൃഷി, മെഡിക്കൽ ഉപകരണങ്ങൾ, അത്യാധുനിക സാങ്കേതികവിദ്യ എന്നിവയുൾപ്പെടെ സുപ്രധാന മേഖലകളിൽ ഇനിയും പ്രയോജനപ്പെടുത്താത്ത സാധ്യതകൾ ഇരു രാജ്യവും ചർച്ചകളിൽ ചൂണ്ടിക്കാട്ടി. ആദ്യഘട്ട ചർച്ചകളുടെ വിജയകരമായ പൂർത്തീകരണം സാമ്പത്തിക പങ്കാളിത്തം ആഴത്തിലാക്കാനും ഗുണഭോക്താക്കൾക്കായി പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും ഇരുപക്ഷവും പുലർത്തുന്ന സംയുക്ത പ്രതിബദ്ധതയുടെ പ്രതിഫലനമാണെന്നും ഉയർത്തിക്കാട്ടുന്നു.

# പുതിയ പാക്കേജിംഗുമായി ഹിമാലയ ബേബികെയർ




**കൊച്ചി :** ബേബി കെയർ ബ്രാൻഡായ ഹിമാലയ ബേബികെയർ പാക്കേജിംഗ് ഡിസൈൻ പുതുക്കി. അഞ്ച് വർഷത്തിനുള്ളിൽ 500 ടൺ പ്ലാസ്റ്റിക് ഉപയോഗം ഇല്ലാതാക്കി പ്രതിവർഷം ഏകദേശം 100 ടൺ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായയാണ് ബേബി കെയർ ഉത്പന്നങ്ങൾ പുതിയ പാക്കേജിംഗ് ഡിസൈനിൽ പുറത്തിറക്കിയത്. ഇതിന്റെ ഭാഗമായി ഹിമാലയ ബേബികെയർ പ്ലാസ്റ്റിക് മാലിന്യത്തിന്റെ ദീർഘകാല പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യുന്ന കാമ്പെയിനും പുറത്തിറക്കി.

പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിനും, കുഞ്ഞുങ്ങൾക്കും ഭൂമിക്കും ഒരുപോലെ ഗുണകരമായ പരിചരണത്തിന്റെ വാഗ്ദാനത്തിൽ ഉറച്ചു നിൽക്കുന്നതിനുള്ള പ്രതിബദ്ധതയുടെ ഭാഗമാണ് ബേബികെയറിന്റെ പുതിയ പാക്കേജിംഗ് മാറ്റമെന്ന് ഹിമാലയ വെൽനസ് കമ്പനിയുടെ ബേബികെയർ ഡയറക്ടർ എൻ. വി. ചക്രവർത്തി പറഞ്ഞു

# തിരമാലകളുടെ കൊച്ചി: വരയുടെ മാന്ത്രികതയുമായി ഫൈസ ഹസൻ കൊച്ചി ബിനാലെയിൽ



**കൊച്ചി**: ഫൈസ ഹസന്റെ കലയിൽ ഓർമ്മകളുടെ തിരമാലകളും വികാരങ്ങളുടെ വേലിയേറ്റവും ഇരച്ചെത്തുന്നതായാണ് കാഴ്ചക്കാരന് അനുഭവപ്പെടുന്നത്. 2014 ൽ സ്റ്റുഡന്റ്സ് ബിനാലെ ക്യൂറേറ്ററായും 2016 ൽ ഫൗണ്ടേഷന്റെ പ്രോഗ്രാമിംഗ് വിഭാഗം തലവനായും പ്രവർത്തിച്ച ഫൈസ കൊച്ചിയുടെ കടലിനെ അടുത്തറിയുന്നു. ഫോർട്ട് കൊച്ചി ആസ്പിൻവാൾ ഹൗസിലെ ഡയറക്ടർ ബംഗ്ലാവിന്റെ ഒന്നാം നിലയിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഫൈസയുടെ 'കൽ' (2025) എന്ന സൃഷ്ടി സമയത്തെയും മാറ്റങ്ങളെയും കുറിച്ചുള്ള ആഴത്തിലുള്ള ചിന്തകളാണ് പങ്കുവെക്കുന്നത്. മരത്തറയുടെ കോണിൽ തിരമാലയുടെ അവസാന ഭാഗം ഫൈസ അതിമനോഹരമായി വരച്ചു ചേർത്തിരിക്കുന്നു. 2020 മുതൽ 2025 വരെ കരി ഉപയോഗിച്ച് വരച്ച ആറ് ചിത്രങ്ങളും ചുവരിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇത് പുറത്തെ കടലും ഉള്ളിലെ വികാരങ്ങളും തമ്മിലുള്ള ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. വെളിച്ചവും നുരഞ്ഞുപൊങ്ങുന്ന തിരമാലകളിലൂടെ കടൽക്കാറ്റിന്റെ മണമറിയാനും കപ്പലുകൾ കാണാനും പുരാതന നാവികരുടെ ദീർഘനിശ്വാസങ്ങൾ കേൾക്കാനും സാധിക്കും. തറയിലെ വെള്ളത്തിന്റെ അനക്കങ്ങൾ ജനലിലൂടെ ഒഴുകിയെത്തുന്ന കടലിന്റെ പ്രതീതിയാണ് ജനിപ്പിക്കുന്നത്. കൊച്ചിമുസിരിസ് ബിനാലെ 2025ന്റെ ക്യൂറേറ്റർ നിഖിൽ ചോപ്രയുടെ സമയത്തെയും ശരീരത്തെയും ഓർമ്മയെയും കുറിച്ചുള്ള ആശയങ്ങളോടുള്ള പ്രതികരണമാണ് തന്റെ സൃഷ്ടിയെന്ന് ഹൈദരാബാദ് സ്വദേശിയായ ഫൈസ പറഞ്ഞു. വളരെ സൂക്ഷ്മമായ രീതിയിൽ 'വരഖ്' (വെള്ളിപ്പാളികൾ) ഉപയോഗിച്ചാണ് ഫൈസ തറയിൽ വെള്ളത്തിന്റെ ദൃശ്യം ഒരുക്കിയിരിക്കുന്നത്. ഹൈദരാബാദിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ പുരാതന കലയോടുള്ള ആദരവ് കൂടിയാണിത്. വെള്ളം തന്റെ സൃഷ്ടികളിൽ ആവർത്തിച്ചു വരുന്ന ഒന്നാണെന്നും കൊച്ചിയുമായുള്ള തന്റെ ബന്ധത്തെയും ഇവിടുത്തെ ചരിത്രത്തെയുമാണ് ഇത് ഓർമ്മിപ്പിക്കുന്നതെന്നും ഫൈസ പറഞ്ഞു. പങ്കാളിത്ത കലാകാരിയായി ബിനാലെയിൽ വീണ്ടും എത്തുമ്പോൾ തന്റെ കൊച്ചി അനുഭവങ്ങൾ പൂർണ്ണതയിലെത്തിയതായി ഫൈസ കരുതുന്നു.

# സിഎംഎഫ്ആർഐയിൽ യങ് പ്രൊഫഷണൽ ഒഴിവ്

**കൊച്ചി:** സിഎംഎഫ്ആർഐയിലെ ഒരു ഗവേഷണ പ്രൊജക്ടിൽ കരാർ അടിസ്ഥാനത്തിൽ യങ് പ്രൊഫഷണലിന്റെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 15. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.cmfri.org.in.

